നിർമ്മിക്കുകയും, നിലവിൽ നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി ക്യാപ്പ് ചെയ്ത് മാറ്റുകയും ചെയ്യുക എന്ന രീതിയാണ് നിലവിൽ അവലംബിച്ചു വരുന്നത്. തലശ്ശേരി നഗരസഭയുടെ കാര്യത്തിലും ഇത്തരത്തിലാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന പ്രൊഫഷണൽ ടാക്സിന്റെ സ്ലാബ് നിരക്കുകൾ

169(377) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന പ്രൊഫഷണൽ ടാക്സിന്റെ സ്ലാബ് നിരക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഉയർന്ന ശമ്പള സ്കെയിലുകളിലെ ടാക്സ് പരിധി ഉയർത്തി നിശ്ചയിക്കാത്തതുമൂലം തദ്ദേശസ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓരോ ജീവനക്കാരനും വാങ്ങുന്ന ശമ്പളത്തിന് ആനുപാതികമായി പ്രൊഫഷണൽ ടാക്സ് സ്ലാബ് പുതുക്കി നിശ്ചയിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

അർദ്ധവാർഷിക വരുമാനം	അർദ്ധവാർഷിക നികുതി
12,000 മുതൽ 17999	120
18,000 മുതൽ 29999	180
30,000 മുതൽ 44999	300
45,000 മുതൽ 59999	450
60,000 മുതൽ 74999	600
75,000 മുതൽ 99999	750
10,0000 മുതൽ 124999	1000
12,4999 -നു മേൽ	1250

(ബി) ഉണ്ട്.

(സി) ഭരണഘടനാ ഭേദഗതി ആവശ്യമാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

പ്രൊഫഷണൽ ടാക്സ്

170(378) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പ്രൊഫഷണൽ ടാക്സ് പിരിക്കുന്നത് സംബന്ധിച്ചുള്ള സംവിധാനം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ലാബ് സമ്പ്രദായം ഇതിനായി അംഗീകരിച്ചിട്ടുണ്ടോ ;

(സി) പുതിയ സാഹചര്യത്തിൽ ശാസ്ത്രീയമായി സ്ലാബ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയ്ക്ക് അനുസൃതമായുമാണ് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി തൊഴിൽ നികുതി പിരിച്ചെടുക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും ഒഴിവുകൾ നികത്താൻ നടപടി

171(379) പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജോലിഭാരം കണക്കിലെടുത്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും കൂടുതൽപേരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിലാണ് കാര്യമായ ഒഴിവുകൾ ഉള്ളത് ടി ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

പി. എസ്. സി. -യുടെ ലിസ്റ്റ് നിലനിൽക്കവെ സെറിഫെഡിൽനിന്ന് പഞ്ചായത്തുകളിൽ നിയമനം

172(380) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ എൽ.ഡി.സി മാരെ തെരഞ്ഞെടുക്കുന്നതിനായി പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly